# Super Specialist

## ഹെൽത്ത്കെയർ ആർക്കിടെക്ചറിൽ വ്യക്തിമുദ്ര പതിപ്പിച്ച മലയാളി ആർക്കിടെക്ട് വിനീത മേനോൻ



വിനീത മേനോൻ

ഹോസ്പിറ്റലുകൾ മാത്രം ഡിസൈൻ ചെയ്യുന്ന ആർക്കിടെക്ടുമാരുടേത് തീർത്തും മടുപ്പിക്കുന്ന ജോലിയാണെന്നു തോന്നുന്നുണ്ടോ? എങ്കിൽ തീർച്ചയായും ദുബായ് താപി (TAHPI) കമ്പനിയിലെ ഒരേ ഒരു വനിതാ ഡയറക്ടറായ ആർക്കിടെക്ട് വിനീത മേനോനെ പരിചയപ്പെടണം.

പരേതനായ പരിസ്ഥിതി പ്രവർത്തകൻ ഡോ. കെ. ടി. വിജയമാധവന്റെയും കോഴിക്കോട് മെഡിക്കൽ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. രാജരാജേശ്വരിയുടെയും മകളായ വിനീത കോഴിക്കോട്ടുകാരിയാണ്. ഭർത്താവ് ബിജു മേനോനൊപ്പം ദുബായിൽ താമസം. രണ്ടു മക്കൾ.

**ഹെൽത്ത്കെയർ ആർക്കിടെക്ചർ എന്താണെന്നു പറയാമോ?**

ഹോസ്പിറ്റൽ പ്ലാനിങ് രംഗത്ത് ജോലി ചെയ്യുന്ന ആർക്കിടെക്ടുമാരെ രാജ്യാന്തര തലത്തിൽ ഹെൽത്ത്കെയർ പ്ലാനർ എന്നാണു പറയുക. ആരോഗ്യസംരക്ഷണ സൗകര്യങ്ങളുമായി ബന്ധപ്പെട്ടതാണ് ഹെൽത്ത്കെയർ ആർക്കിടെക്ചർ ശാഖ.

**ഇത് മറ്റ് ആർക്കിടെക്ചർ പ്ലാനിങ്ങിൽ നിന്ന് എങ്ങനെയാണ് വ്യത്യാസപ്പെടുന്നത്?**

തീർത്തും വ്യത്യസ്തമാണീ രംഗം. വളരെ സങ്കീർണമായ കെട്ടിടങ്ങളിൽ ഒന്നാണ് ആശുപത്രികൾ. ഇവ ഡിസൈൻ ചെയ്യാൻ ക്ലിനിക്കൽ സ്പെഷാലിറ്റികൾ, മെഡിക്കൽ നടപടികൾ, ഹോസ്പിറ്റൽ പ്രവർത്തനരീതികൾ, സാങ്കേതിക ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ധാരണയും അറിവും വേണം.

**ഈ രംഗം എത്രമാത്രം വിപുലമാണ്?**





1. കോഴിക്കോട് മൈത്ര ഹോസ്പിറ്റൽ
2. രത്തൻ ടാറ്റയ്ക്കും അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയ്ക്കുമൊപ്പം വിനീത

ലോകമെമ്പാടും വളരെയധികം ഡിമാൻഡ് ഉള്ളതാണീ രംഗം. എല്ലാ ആർക്കിടെക്ചറൽ കമ്പനികൾക്കും ഇത് ചെയ്യാനാവില്ല. TAHPI എന്ന ഞങ്ങളുടെ കമ്പനി ഹോസ്പിറ്റലുകൾ മാത്രമാണ് ചെയ്യുന്നത്.

**കമ്പനിയെക്കുറിച്ച്...**

ഓസ്ട്രേലിയ ആസ്ഥാനമായ കമ്പനിയാണിത്. അതിന്റെ റീജിയണൽ ഓഫിസ് ആണ് ദുബായിൽ ഉള്ളത്. ഇപ്പോൾ ഇന്ത്യയിലും കമ്പനിയുടെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കോയമ്പത്തൂരിലാണ് അതിന്റെ ആസ്ഥാനം.

**ഹെൽത്ത്കെയർ പ്ലാനർമാരുടെ പ്രാധാന്യമെന്താണ്?**

ഒരുപാടുണ്ട്. ഒരു ക്ലയന്റ് വീട് വയ്ക്കുമ്പോൾ എത്ര മുറികൾ വേണം, വലുപ്പം വേണം എന്നൊക്കെ ചിന്തിക്കുന്നപോലെ ആശുപത്രിയെപ്പറ്റിയും ചിന്തിക്കണം. പക്ഷേ, ആശുപത്രികളിൽ 500 ലേറെ വ്യത്യസ്ത തരത്തിലുള്ള മുറികൾ ഉണ്ടാകും. ഹെൽത് പ്ലാനർ ഈ മുറികളെ വിവിധ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിച്ച് ആശുപത്രികളാക്കുന്നു.

**എന്താണ് ഈ ജോലിയുടെ സ്വഭാവം?**

ആദ്യമേ ആശുപത്രി വരുന്ന സ്ഥലത്ത് സർവേ നടത്തും. അവിടത്തെ സാധ്യതകൾ, ഭൂമി, സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കും. ക്ലയന്റിന്റെ ആവശ്യങ്ങളനുസരിച്ച് ആദ്യം ഏരിയ ഷെഡ്യൂൾ തയാറാക്കും. രൂപകൽപനയിൽ രാജ്യാന്തര നിലവാരമുള്ള മാർഗനിർദേശങ്ങളും മാനദണ്ഡങ്ങളും മികച്ച രീതികളും ഞങ്ങൾ പിന്തുടരുകയും ചെയ്യുന്നു.

**ഓരോ രാജ്യത്തും അവ വ്യത്യസ്തമായിരിക്കുമോ?**

തീർച്ചയായും. രാജ്യാന്തരതലത്തിലും അമേരിക്കയിൽ വേറെയും മാനദണ്ഡങ്ങളാണ് പാലിക്കുന്നത്. ദുബായിൽ വേറെ. ആശുപത്രികളുടെ അത്തരം ഡിസൈൻ മാനദണ്ഡങ്ങൾ കൊണ്ടുവരാൻ ഞങ്ങൾ ഇന്ത്യൻ സർക്കാരിന് സഹായം നൽകിയിട്ടുമുണ്ട്.

**നാട്ടിൽ പഠിച്ച് എങ്ങനെ ഇത്ര അപൂർവമായ മേഖലയിലെത്തി?**


തിരുവനന്തപുരം കോളജ് ഓഫ് എൻജിനീയറിങ്ങിൽ നിന്നും ബി.ആർക്ക് കഴിഞ്ഞ് ആർക്കിടെക്ട് ആർ. കെ. രമേഷിന്റെ കൂടെ പ്രാക്ടീസ് ചെയ്തു. മാനാഞ്ചിറ പ്രോജക്ടിലൊക്കെ ഞാൻ സഹായിയായിരുന്നു. പിന്നെ പുണെയിൽ കുറച്ചുകാലം ജോലി ചെയ്തു. 2004 ലാണ് ദുബായിലെത്തിയത്. ആദ്യം ജോലി ചെയ്ത കമ്പനിക്ക് TAHPI യുമായി സഹകരണ കരാർ ഉണ്ടായിരുന്നു. അവിടെ വച്ചാണ് ഈ മേഖലയെക്കുറിച്ച് കൂടുതൽ അറിയുന്നതും ആകർഷിക്കപ്പെടുന്നതും. സീനിയർ ആർക്കിടെക്ട് ആയി കയറിയപ്പോൾ മുതൽ പ്രോജക്ടുകൾക്ക് നേതൃത്വം നൽകിയിരുന്നു.

**മെഡിക്കൽ രംഗത്തെക്കുറിച്ച് ശരിക്കും പഠിക്കേണ്ടേ? അതെങ്ങനെ സാധിച്ചു?**

TAHPI യുടെ ഗ്ലോബൽ ഡയറക്ടറും ഹെൽത് പ്ലാനിങ് വിദഗ്ധനും അതേസമയം എന്റെ ഉപദേശകനും വഴികാട്ടിയുമായ അലാഡിൻ നിയാസ്മാൻഡിനോട് ഇക്കാര്യത്തിൽ ഞാൻ നന്ദിയുള്ളവളാണ്. കഠിനാധ്വാനം വേണ്ട ജോലിയാണിത്. ഒരു ഓസ്ട്രേലിയൻ സർവകലാശാലയിൽ നിന്ന് ഹെൽത്ത്കെയർ പ്ലാനിങ്ങിൽ സർട്ടിഫിക്കറ്റ് കോഴ്സ് ചെയ്തു. നല്ലപോലെ ഹോംവർക്








ചെയ്താണ് ക്ലയന്റിനെ അഭിമുഖീകരിക്കേണ്ട ത്. എന്തു സംശയമുണ്ടെങ്കിലും നിയാസ്മാൻഡ് അതു പരിഹരിച്ചു തന്നിരുന്നു.

**11 വർഷം കൊണ്ട് എത്ര ഹോസ്പിറ്റൽ വർക്കുകൾ ചെയ്യാൻ സാധിച്ചു?**

50 ഓളം. കോഴിക്കോടുള്ള മൈത്ര ഹോസ്പിറ്റൽ ഉൾപ്പെടെ. ടാറ്റാ കാൻസർ സെന്ററിനുവേണ്ടി അസമിലും തിരുപ്പതിയിലുമുള്ള പ്രോജക്ടുകൾ ഡിസൈൻ ചെയ്തു. അതിന് രത്തൻ ടാറ്റ നേരിട്ട് വന്ന് അഭിനന്ദിച്ചത് മറക്കാനാവാത്ത അനുഭവമായി. ജിസിസി രാജ്യങ്ങളിലും ആഫ്രിക്കയിലും പ്രോജക്ടുകൾ ചെയ്തു.

**മൈത്ര ഹോസ്പിറ്റലിനെക്കുറിച്ച്?**

മുഴുവൻ പ്രീകാസ്റ്റ്/ പ്രീഫാബ്രിക്കേറ്റഡ് നിർമാണവസ്തുക്കൾ കൊണ്ടാണ് മൈത്ര ചെയ്തിരിക്കുന്നത്. കോളം, ബീം, ഫ്ലോർ സ്ലാബ്, ബാഹ്യമതിലുകൾ എന്നിവ പ്രീകാസ്റ്റ് ഫാക്ടറിയിൽ നിർമിക്കുകയും സൈറ്റിൽ കൂട്ടിയോജിപ്പിക്കുകയും ചെയ്തു. ഓരോ ഓപനിങ്ങും വരെ നേരത്തെ കൃത്യമായി പ്ലാൻ ചെയ്താണ് പ്രീഫാബ് മെറ്റീരിയൽ ഉപയോഗിച്ചത്. വീടുകളെപ്പോലെ സൈറ്റിൽ പോയി ഹോസ്പിറ്റൽ പ്ലാൻ ചെയ്യാനാവില്ല. റൂം ഡാറ്റ ഷീറ്റ്, റൂം ലേഔട്ട് ഷീറ്റ് എന്നിവ കിറുകൃത്യമായി ചെയ്തിട്ടാണ് പണി തുടങ്ങുന്നതുതന്നെ. രാജ്യാന്തര നിലവാരമാണ് മൈത്രയിലും പിന്തുടർന്നത്. അതിന് നിരവധി അവാർഡുകളും ലഭിച്ചു.

**ഹെൽത്കെയർ പ്ലാനിങ്ങിലെ ഏറ്റവും പുതിയ കാര്യങ്ങൾ എന്താണ്?**

ഞാൻ ഇപ്പോൾ മോഡുലാർ ഹോസ്പിറ്റലുകൾ എന്ന പുതിയ ആശയത്തിൽ പ്രവർത്തിക്കുകയാണ്. ഇത് ആശുപത്രികളുടെ രൂപകൽപനയിലും നിർമാണത്തിലും പുതിയ മാറ്റമാണ്.

ആഫ്രിക്കയിലെ ഒരു പ്രോജക്ടിൽ മോഡുലാർ ഡിസൈൻ പരീക്ഷിച്ചു വിജയിച്ചു. ആശുപത്രിക്കുവേണ്ട ഓരോ മുറികളും ഫാക്ടറിയിൽ നിർമിച്ച് അവ കണ്ടെയ്നറിൽ കൊണ്ടുപോയി ആഫ്രിക്കയിലെ സൈറ്റിൽ ഇൻസ്റ്റാൾ ചെയ്തു. അതീവ സങ്കീർണമായ പരിപാടി. ഓപറേഷൻ തിയറ്ററിന്റെ വീതിയും കണ്ടെയ്നറിന്റെ വീതിയും വ്യത്യാസമായതുകൊണ്ട് ഇടയ്ക്ക് പൊളിച്ചെടുക്കാവുന്ന ഭിത്തികൾ കൊടുത്തു. ശരിക്കും വെല്ലുവിളിയുള്ള പ്രോജക്ടായിരുന്നു അത്. പുതിയ സാങ്കേതികവിദ്യകളും പുതിയ യന്ത്രസാമഗ്രികളും ദിവസേനയെന്നോണം അവതരിപ്പിക്കപ്പെടുന്നതിനാൽ നല്ലപോലെ അപ്ഡേറ്റഡ് ആവണം നമ്മൾ.

**ഈ രംഗത്ത് ക്രിയേറ്റിവിറ്റിയുടെ അംശം കുറവാണെന്നു തോന്നുന്നുണ്ടോ?**

ഒരിക്കലുമില്ല. തീർത്തും ആസ്വദിച്ചാണ് ഞാനിതു ചെയ്യുന്നത്. ഒരു ഹോസ്പിറ്റൽ പോലും മറ്റൊന്നിന്റെ പകർപ്പല്ല. അത്രമാത്രം വൈവിധ്യത്തിലാണ് ഓരോ ആശുപത്രിയും ചെയ്യുന്നത്. രോഗികളുടെ 'എക്സ്പീരിയൻസ്' വർധിപ്പിക്കുന്ന തരത്തിലുള്ള സ്പേസുകൾ സൃഷ്ടിക്കുന്നതിനൊപ്പം ഹോസ്പിറ്റലുകൾ സ്വിസ് വാച്ചുകൾ പോലെ പ്രവർത്തിക്കുകയും വേണം. ഒരു ചെറിയ ഡെന്റൽ ക്ലിനിക് മുതൽ സ്പെഷാലിറ്റി ഹോസ്പിറ്റലുകളും മെഡിസിറ്റിയുമൊക്കെയാണ് ഞങ്ങൾ പ്ലാൻ ചെയ്യുന്നത്.

**സ്വന്തം നാട്ടിൽ മൈത്ര ചെയ്തപ്പോൾ എന്തായിരുന്നു അനുഭവം?**

വളരെ അഭിമാനം തോന്നി. നിറയെ ഡോക്ടർമാരുള്ള കുടുംബമാണ് എന്റേത്. ഡിസൈൻ സെൻസ് കുറവാണ് ഡോക്ടർമാർക്ക് എന്ന് കളിയാക്കിയാണ് ഞാൻ ആർക്കിടെക്ചർ പഠിച്ചത്. പക്ഷേ, ഇന്ന് ഈ രംഗത്ത് നിൽക്കുമ്പോൾ അവരുടെ ജോലിയുടെ പ്രത്യേകത ശരിക്കും മനസ്സിലാക്കാനാവുന്നു. വീട്ടുകാർക്കും വളരെ സന്തോഷമാണ്. മൈത്ര ചെയ്യുമ്പോൾ അവിടത്തെ ഡോക്ടർമാർ പലരും അമ്മയുടെ ശിഷ്യൻമാർ ആയിരുന്നു. രാജ്യാന്തര നിലവാരത്തിനായി ഞാൻ വാദിക്കുമ്പോൾ ഒടുവിൽ അവർ കീഴടങ്ങുന്നത്, ''മാഡത്തിന്റെ മകളല്ലേ എന്നോർത്ത് ഞങ്ങൾ കൂടുതലൊന്നും പറയുന്നില്ല,'' എന്നു പറഞ്ഞാണ്! ■

**സോന തമ്പി**

1. അബുദാബിയിലെ ആസ്പെൻ ഹെൽത്കെയർ സെന്ററിലെ പ്രീ ഫാബ്രിക്കേറ്റഡ് ഇന്റീരിയർ 2. ദോഹയിലെ ദ് വ്യൂ ഹോസ്പിറ്റലിന്റെ 3D ചിത്രം

**ആശുപത്രിക്കുവേണ്ട ഓരോ മുറിയും ഫാക്ടറിയിൽ നിർമിച്ച് കണ്ടെയ്നറിൽ കൊണ്ടുപോയി ആഫ്രിക്കയിലെ സൈറ്റിൽ ഇൻസ്റ്റാൾ ചെയ്തു**